ഗവ. യു. പി സ്കൂൾ കുറിഞ്ഞി

2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

പുത്തൃക്ക ഗ്രാമപഞ്ചായത്തിലെ പരിയാരം കരയിൽ പതിനൊന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് ഒരു പ്രൈവറ്റ് പ്രൈമറി - വിദ്യാലയമായി ആരംഭിക്കുകയും 1947-ൽ ബഹു. കേരള സർക്കാർ ഏറ്റെടുക്കുകയും തുടർന്ന് 1985-ൽ അപ്പർ പ്രൈമറി തലത്തിലേയ്ക്ക് അപ്ഗ്രേഡ് ചെയ്യുകയും - ചെയ്തതാണ് ഇന്നത്തെ കുറിഞ്ഞി. ഗവൺമെന്റ് യു. പി സ്കൂൾ

ഇന്ന് ഈ ഗ്രാമത്തിന്റെ പ്രകാശ ഗോപുരമായി പ്രശോഭിക്കുന്ന ഈ വിദ്യാലയം മികവിൽ നിന്ന് മികവിലേക്ക് കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റ പ്രകടനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന ഇവിടെ LKG- UKG കൂടാതെ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളും പ്രവർത്തിക്കുന്നു

സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാരായ രക്ഷിതാക്കളുടെ മക്കളും പാർശ്വ-വൽക്കരിക്കപ്പെട്ട ഒരു കൂട്ടം വിദ്യാർത്ഥികളുമാണ്

ഈ സ്കൂളിലെ പഠിതാക്കൾ. എങ്കിലും ഓരോരുത്തരുടെയും സവിശേഷതയുടെയും പാഠം കുട്ടികൾക്കൊണ്ട് പഠനമികവിനൊപ്പം ജീവിതമൂല്യങ്ങളും കൈവരിക്കാൻ ഈ സാഹചര്യം അവരെ പ്രാപ്തരാക്കുന്നു.

## ഭൗതിക പുരോഗതിയിലേക്ക്

ബ്ലോക്ക് പഞ്ചായത്തിന്റെയും പൂതൃക്ക ഗ്രാമപഞ്ചായത്ത് സഹകരണത്തോടെ സ്കൂൾ മുറ്റം ടൈൽ വിരിച്ചു. SSK യുടെയും CUSAT ന്റെയും സംയുക്ത പദ്ധതിയായ ക്രിയേറ്റീവ് ക്ലാസ് റൂം സ്കൂളിനഭിമാനാർഹമായ നേട്ടം തന്നെയാണ്. ലാബ്, ഡിജിറ്റൽ ക്ലാസ് റൂം IT ലാബ്, ടോയ്ലറ്റ് റൂം എന്നിവ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയായി. പൂതൃക്ക ഗ്രാമപഞ്ചായത്ത് ആഭിമുഖ്യത്തിൽ എയ്റോബിക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണം നടന്നുകഴിഞ്ഞു. SSK യുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് പഠനോപകരണങ്ങൾ സ്കൂളിനു ലഭിച്ചു. കെട്ടുറപ്പും ഭംഗിയാർന്നതുമായ സ്കൂൾ കെട്ടിടമാണ് സ്കൂളിൽ പണി പൂർത്തിയായത്. കുട്ടികൾക്ക് സന്തോഷപ്രദവും ശിശുസൗഹൃദപരവുമായ അന്തരീക്ഷത്തിലാണ് ക്ലാസുകൾ നടന്നുവരുന്നത്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. യു.പി. എസ്<br>കുറിഞ്ഞി<br>മീമ്പാറ പി.ഒ<br>എറണാകുളം ജില്ല<br>0484-2732826 |
| സ്കൂൾ കോഡ് | : 26540 |
| UDISE CODE | : 320 80 500 505 |
| വിദ്യാഭ്യാസ ഉപജില്ല | : കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി. ആർ. സി | : കോലഞ്ചേരി |
| ഗ്രാമപഞ്ചായത്ത് | : പൂത്തൃക്ക |
| ബ്ലോക്ക് പഞ്ചായത്ത് | : വടവുകോട് |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : കുന്നത്തുനാട് |
| ലോക്സഭാ മണ്ഡലം | : ചാലക്കുടി |
| താലൂക്ക് | : ~~[illegible]~~ കുന്നത്തുനാട് |
| വില്ലേജ് | : ഐക്കരനാട് സൗത്ത് |
| ഇ. മെയിൽ | : gupskurinji2012@gmail.com |
| സ്കൂൾ വിക്കി | : Eranakulam District<br>Edu. district Aluva |
| സ്കൂൾ ജീവനക്കാരുടെ എണ്ണം | : HM-1<br>Teachers: 8<br>Non teaching staff: 2 |

# ലക്ഷ്യങ്ങൾ

1. സർഗശേഷി വികസനം

2. ഭാഷാ വിഷയ നൈപുണി മെച്ചപ്പെടുത്തൽ

3. ഇൻഫർമേഷൻ ടെക്നോളജിയുടെ ഉചിതമായ ഉപയോഗത്തിലൂടെ പഠന നിലവാരം ആധുനീകരിക്കൽ, മെച്ചപ്പെടുത്തൽ

4. ശാസ്ത്രബോധം, ശാസ്ത്രാഭിരുചി വളർത്തുക

5. ജീവിതമൂല്യങ്ങൾ സ്വായത്തമാക്കുക

6. ലഹരി ഉപയോഗ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കുക

7. ശുചിത്വം, പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കുക.

8. കലാ കായിക പരിശീലനത്തിലൂടെ കായിക ക്ഷമത കൈവരിക്കൽ

9. എല്ലാവിഷയങ്ങളിലും പിന്നാക്കാവസ്ഥ പരിഹരിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.

# വളർച്ചയുടെ പാതയിൽ

അക്കാദമിക കാര്യങ്ങളിൽ സ്കൂൾ വിജയപാതയിലൂടെ തന്നെയാണ് സഞ്ചരിക്കുന്നത്. 2024 - 25 ശാസ്ത്ര, ഗണിത മേളകളിലും കലാമേളയിലുമായി ഇരുപത്തിമൂന്ന് 'A' grade ഉം പതിനെട്ടു 'B' grade ഉം ആറു C grade ഉം സ്കൂളിലെ കുട്ടികൾ നേടി.

കഴിഞ്ഞ L.S.S - USS പരീക്ഷയിൽ ഏഴാം ക്ലാസിലെ അബ്ദുന്നാസർ ഫെബിൻ ഖലീൽ USS സ്കോളർഷിപ്പ് നേടി.

പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാനായി നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഓരോ ക്ലാസും അസംബ്ലി ലീഡ് ചെയ്യുന്നതോടൊപ്പം ഇംഗ്ലീഷ് ഹിന്ദി അസംബ്ലികൾ നടത്തിവരുന്നു.

. നൂതനാശയ പ്രവർത്തനമായ ലൈബ്രറി വായനാ ശാക്തീകരണ പ്രവർത്തനങ്ങളും നന്നായി നടന്നു വരുന്നു.

## പ്രവർത്തന കലണ്ടർ.

| നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലയളവ് |
|---|---|---|
| 1 | സർഗ്ഗാത്മക വായന. | വർഷം മുഴുവനും |
| 2 | അനുഭവക്കുറിപ്പ് | ജൂൺ - മാർച്ച്. |
| 3 | വായന മരം | വർഷം മുഴുവനും |
| 4 | റീഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് |
| 5 | മലയാളത്തിളക്കം. | വർഷം മുഴുവൻ |
| 6 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ആഗസ്റ്റ് - മാർച്ച് |
| 7 | സ്കൂൾ മാഗസിൻ | മാർച്ച് |
| 8. | ദിനാചരണവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം | വർഷം മുഴുവനും. |
| 9. | കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | വർഷം മുഴുവനും. |
| 10 | വിദ്യാരംഗം കലാസാഹിത്യ വേദി. | എല്ലാ വെള്ളിയാഴ്ചകളിലും. |
| 11. | സുംബാ ഡാൻസ്. | വർഷം മുഴുവൻ. |

# L · P വിഭാഗം

ഭാഷാ പഠനം : അക്കാദമിക പ്രവർത്തനങ്ങൾ

1) വായനോത്സവം, ഒന്നാന്തരം വായനയുടെ ഒരു വർഷം
   ഭാഷോത്സവം, രചനോത്സവം
   ഒന്നാം സ്റ്റാൻഡേർഡ്

2) സംയുക്ത ഡയറി - ഒന്ന്, രണ്ട് ക്ലാസുകൾ

3) സർഗാത്മക ഡയറി - മൂന്ന് - നാല് ക്ലാസുകൾ

4) അമ്മ വായന

5) റീഡേഴ്സ് തിയേറ്റർ - രണ്ടാംതരം

ചുമതല : ഭാഷാധ്യാപകർ
PTA
SRG

കാലയളവ് - വർഷം മുഴുവൻ തുടരുന്നു

# LP വിഭാഗം ഇംഗ്ലീഷ്

## അക്കാദമിക പ്രവർത്തനങ്ങൾ:

English Vocabulary വർദ്ധിപ്പിക്കുക
English rhymes, short story പരിചയ-
പ്പെടൽ
English Conversation practising

ചുമതല : ഇംഗ്ലീഷ് അധ്യാപകർ
SRG
PTA
LP വിഭാഗം കുട്ടികൾ

കാലയളവ് : വർഷം മുഴുവൻ

## LP വിഭാഗം

### ഗണിതം

- ചതുഷ്ക്രിയാ പരിശീലനം
- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ പ്രവർത്തനങ്ങൾ
- ഗണിതാശയം മനസിലുറപ്പിക്കൽ പഠന-പ്രവർത്തനങ്ങൾ തുടങ്ങിയവ

ചുമതല : ഗണിതാധ്യാപകർ
SRG
PTA
LP വിഭാഗംകുട്ടികൾ

കാലയളവ് : വർഷം മുഴുവൻ തുടരുന്നു .

## L P വിഭാഗം

## EVS : അക്കാദമിക പ്രവർത്തനങ്ങൾ

1) പ്രകൃതി നടത്തം
2) ശാസ്ത്രമേളയ്ക്ക് തയ്യാറെടുപ്പിക്കൽ
3) ഭൂപടമൊരുക്കൽ
4) പരിസര പഠനം രസകരവും ആസ്വാദ്യകരവുമാക്കാനുള്ള പഠനപ്രവർത്തനങ്ങൾ

EVS
ചുമതല : അധ്യാപകർ
SRG
PTA
LP വിഭാഗം കുട്ടികൾ

കാലയളവ് : വർഷം മുഴുവൻ

## യു.പി വിഭാഗം English

അക്കാദമിക പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം
- ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ
- കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം
- ഇംഗ്ലീഷ് പഴഞ്ചൊല്ലുകൾ പരിചയിക്കൽ
- ഇംഗ്ലീഷ്- മലയാളം നിഘണ്ടു പരിചയിക്കൽ
- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കൽ "Follow You Can"
- Treasure hunt activity അവതരിപ്പിക്കുന്നു
- Missing Man activity അവതരണം
- Leaning ladder activity
- Reader of Month പ്രവർത്തനം
- 'Fun time Funda', 'Run baby Run' 'FM corner' Activities അവതരണം

ചുമതല : ഇംഗ്ലീഷ് അധ്യാപകർ
SRG, PTA

കാലയളവ് : വർഷം മുഴുവൻ

# U. P വിഭാഗം മലയാളം

## അക്കാദമിക പ്രവർത്തനങ്ങൾ

i) അവധിക്കാല അനുഭവക്കുറിപ്പ് തയ്യാറാക്കൽ

ii) വായനാദിനാചരണം, ക്വിസ്, വായനാവാരാചരണം

iii) നൂതനാശയ പ്രവർത്തനമായ ലൈബ്രറി-
വായനാ ശാക്തീകരണം ഈ വർഷത്തെ
പ്രവർത്തനാരംഭം, പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

iv) പത്രവായന

iv) സാഹിത്യകാരന്മാരെ പരിചയപ്പെടൽ

v) പുസ്തകാസ്വാദനം

vi) സ്കൂൾ കൈയ്യെഴുത്ത് മാസിക

vii) ക്ലാസ് തല സംവാദങ്ങൾ സംഘടിപ്പിക്കൽ

viii) പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ
തുടങ്ങിയവ

ix) നാടകരചന, അവതരണം

ചുമതല : മലയാളം അധ്യാപകർ, വിദ്യാരംഗം ക്ലബ്ബ്
SRG, PTA

കാലയളവ് : വർഷം മുഴുവൻ

# യു. പി. ഹിന്ദി

## അക്കാദമിക പ്രവർത്തനങ്ങൾ

1) ഹിന്ദി അക്ഷരമാല ഉറപ്പിക്കൽ

2) ഹിന്ദിവായന

3) ഹിന്ദി ഭാഷയിൽ അസംബ്ലി

4) ഹിന്ദി സംസാര പരിശീലനം

5) ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

ചുമതല : ഹിന്ദി അധ്യാപിക,
ഹിന്ദിക്ലബ്
SRG
പി. ടി. എ.

കാലയളവ് - വർഷം മുഴുവൻ

## UP : അടിസ്ഥാന ശാസ്ത്രം

### ഒന്നാം ടേം പ്രധാന അക്കാദമിക് പ്രവർത്തനങ്ങൾ

പ്രാരംഭപ്രവർത്തനം : ജൈവ വൈവിധ്യ ഉദ്യാനം റിപ്പോർട്ട്

1) സയൻസ് ലാബ് പരിചയപ്പെടുത്തൽ

2) സയൻസ് ക്ലബ് രൂപീകരണം

3) ശാസ്ത്രപഠനം രസകരമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ

4) ചാന്ദ്രദിനം സമുചിതമായി ആചരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം

5) പാഠഭാഗങ്ങളോടനുബന്ധിച്ച് പരീക്ഷണ കുറിപ്പ്, നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ തുടങ്ങുക.

### രണ്ടാം ടേം പ്രവർത്തനങ്ങൾ

"സയൻസ് ബുള്ളറ്റിൻ" ബോർഡ് തയ്യാറാക്കൽ

"നൂതന കണ്ടുപിടിത്തങ്ങൾ പതിപ്പ്

ശാസ്ത്രമേള തയ്യാറാകൽ

### മൂന്നാം ടേം.

i) "എന്നെ സ്വാധീനിച്ച ശാസ്ത്രജ്ഞർ" പതിപ്പ്

ii) ലഘു പരീക്ഷണങ്ങൾ, ലഘു project തയ്യാറാക്കൽ തുടങ്ങിയവ

ദേശീയ ശാസ്ത്രദിനം ആചരിക്കൽ

iii) USS പരിശീലനം

ചുമതല : അടിസ്ഥാന ശാസ്ത്രം അധ്യാപകർ, SRG

## യു പി വിഭാഗം : ഗണിതശാസ്ത്രം

### അക്കാദമിക് പ്രവർത്തനങ്ങൾ

1) ഗണിത ക്ലബ് രൂപീകരണം
2) അസംബ്ലിയിൽ ഗണിത ചിന്ത ഉണർത്തുന്ന ചോദ്യങ്ങൾ പരിചയപ്പെടൽ
3) ICT സാധ്യത ഉപയോഗിച്ച് 'ഗണിതക്കളികൾ' കളിക്കുക.
4) ഗണിത പാട്ടുകൾ ചൊല്ലുക
5) ഗണിത ലാബ് സജ്ജീകരണം
6) USS പരിശീലനം, ഗണിതമേള തയ്യാറാക്കൽ
7) കലണ്ടർ നിർമ്മാണം
8) ഗണിത രചന
9) ഗണിത ശാസ്ത്രജ്ഞർ ഡോക്യുമെന്ററി പ്രദർശനം
10) ക്ലാസ് തല ഗണിത പരിശീലന ബുക്ക് സമയബന്ധിതമായി പരിശോധിക്കൽ

ചുമതല: ഗണിതശാസ്ത്ര അധ്യാപിക, ഗണിതക്ലബ്  
SRG UP വിഭാഗം കുട്ടികൾ

കാലയളവ് : വർഷം മുഴുവൻ

# സാമൂഹ്യ ശാസ്ത്രം : യു പി വിഭാഗം .

## അക്കാദമിക പ്രവർത്തനങ്ങൾ

1) മധ്യകാല ഇന്ത്യയിലെ സാംസ്കാരിക പ്രസ്ഥാനങ്ങൾ work sheet തയ്യാറാക്കൽ

2) മുഗൾ വിജയനഗര സാമ്രാജ്യ രാജാക്കൻമാർ ചിത്രശേഖരണം

3) നവോത്ഥാന നായകരുടെ ചിത്രശേഖരണം

4) ഭൂമി, അന്തരീക്ഷ ഘടന ഫ്ലാഷ് കാർഡ് തയ്യാറാക്കൽ

5) ഖാരിഫ്, സയ്ദ്, റാബി വിളകൾ ചിത്ര ആൽബം തയ്യാറാക്കൽ

6) ഭക്ഷ്യ സുരക്ഷാ പദ്ധതികൾ worksheet തയ്യാറാക്കൽ

7) പഞ്ചായത്ത് തല പ്രവർത്തനങ്ങൾ നേട്ടങ്ങൾ വെല്ലുവിളികൾ ചർച്ച

8) പത്ര വായന, വാർത്താ ശേഖരണം (പ്രധാന) ദിനം തോറും, മാസം തോറും അതാത് മാസത്തെ പ്രധാന വാർത്തകൾ എഴുതി പ്രത്യേക ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ

9) ചർച്ച, പ്രദർശനം സംഘടിപ്പിക്കൽ, USS

ചുമതല : സോഷ്യൽ സയൻസ് അധ്യാപകർ
സോഷ്യൽ സയൻസ് ക്ലബ്

# പൊതുവായ പ്രവർത്തനങ്ങൾ

i) ദിനാചരണങ്ങൾ സമുചിതമായി ആചരിക്കൽ

iii) സ്കൂൾ തല സമിതികൾ, ക്ലാസ് PTA സമയബന്ധിതമായി യോഗം ചേരൽ, പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ

iii) കലാ- കായിക പരിശീലനം (സുംബ, എയ്റോബിക്സ് പരിശീലനം ഉൾപ്പെടെ

iv) Pre - Primary കുട്ടികൾക്ക് ശിശുസൗഹൃദ പരമായ പഠന പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്ത് നടപ്പാക്കൽ

v) സ്കൂളും സമൂഹവുമായി ഇഴ ചേർക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണംചെയ്യൽ നടപ്പാക്കൽ

v) LSS USS പഠന പരിശീലനം, മേളകൾ പരിശീലനം, മറ്റ് പഠനപ്രവർത്തനങ്ങൾ തുടങ്ങിയവ

ചുമതല: HM, SRG, സ്കൂൾതല സമിതികൾ അധ്യാപകർ

കാലയളവ് : സന്ദർഭാനുസരണം